## കുറിപ്പ്

# ട്രിബ്യൂണൽ മെമ്പറുടെ നിയമനം മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫുൾപ്പെടെയുള്ളവരുടെ നിയമന നിയമമനുസരിച്ച് !!

കഴിഞ്ഞ ഫെബ്രുവരി മാസം 9-ാം തീയതി ശ്രീ കെ. ജോസ് സിറിയക്കിനെ (മുൻ ചീഫ് സെക്രട്ടറി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മെമ്പറാക്കാനുള്ള ഉമ്മൻചാണ്ടി സർക്കാരിന്റെ ശുപാർശ കേന്ദ്രനിയമനകാര്യ ക്യാബിനറ്റ് കമ്മിറ്റി അംഗീകരിക്കുകയുണ്ടായി. അതീവ വേഗതയിൽ അന്നേ ദിവസംതന്നെ ഇൻഡ്യൻ പ്രസിഡന്റ് ഇതുസംബന്ധിച്ച് നിയമന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് ശ്രീ ജോസ് സിറിയക് ഫെബ്രുവരി 18-ാം തീയതി തെറ്റുകൂടാതെ വളരെ കൃത്യതയോടെ സത്യവാചകം ചൊല്ലി അഡ്മിനിസ്ട്രേറ്റീവ് മെമ്പറായി ചുമതലയേൽക്കുകയും ചെയ്തു.

എന്നാൽ ഈ നിയമനം സംബന്ധിച്ച കേന്ദ്രസർക്കാരിന്റെ ഉത്തരവ് ഇതിലേക്കായുള്ള നിയമം - ദി അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ (പ്രൊസിജിയർ ഫോർ അപ്പോയ്മെന്റ് ഓഫ് വൈസ് ചെയർമാൻ ആന്റ് മെമ്പേഴ്സ്) റൂൾസ് 2011- അനുസരിച്ചല്ലായെന്ന കാര്യം അധികാരികളുടെ ശ്രദ്ധയിൽപ്പെട്ടില്ല. ഈ നിയമത്തിൽ കേന്ദ്രനിയമനകാര്യ ക്യാബിനറ്റ കമ്മിറ്റിയുടെ അംഗീകാരം നിഷ്കർഷിക്കുന്നില്ല. ഈ വഴി തെറ്റിയ നടപടി ക്രമത്തിലൂടെയുള്ള നിയമനം നിയമബോധമുള്ളവർക്ക് അംഗീകരിക്കാൻ കഴിയുകയില്ല. സംസ്ഥാനസർവ്വീസിലുള്ളവരുടെ നിയമനവും സർവ്വീസ് കാര്യങ്ങളും നിയമാനുസൃതമാണോവെന്ന് പരിശോധിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഈ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലെ അംഗത്തിന്റെ നിയമനംതന്നെ നിയമവിരുദ്ധമാണെന്നകാര്യം ഞെട്ടിപ്പിക്കുന്നതും വൈരുദ്ധ്യാധിഷ്ടിതവുമാണ്. പെൻഷൻപറ്റി പിരിഞ്ഞശേഷം ഒരു പണികിട്ടിയെന്നതുകൊണ്ട് ഈ തസ്തികയിലേക്ക് നിയമിതനായ കേരളത്തിന്റെ മുൻചീഫ് സെക്രട്ടറി ശ്രീ. ജോസ് സിറിയക് സ്വാഭാവികമായും സന്തുഷ്ടനായിരിക്കും. പക്ഷെ, ക്രമരഹിതമായ രീതിയിൽ ഒരു പദവിയിലേക്ക് നിയമിതനായ ഒരാൾ ആ പദവിയിലിരിന്നുകൊണ്ട് അധികാരം വിനിയോഗിക്കുന്നതും പൊതുഖജനാവിൽ നിന്നും ഭീമമായ ശമ്പളവും മറ്റ് ആലവൻസുകളും കൈപറ്റുന്നതും ശരിയാണോ എന്ന ഗുരുതരമായ നിയമപ്രശ്നം കേരളത്തെ തുറിച്ചുനോക്കുകയാണ്. ഹൈക്കോടതി ജഡ്ജിയുടെ സമാനമായ അധികാരവും പദവിയും കല്പിച്ചു നൽകിയിട്ടുള്ള ഒരു തസ്തികയിലേക്കുള്ള നിയമനകാര്യത്തിലാണ് ഈ വിധത്തിലുള്ള നിയമരാഹിത്യമെന്നത് ഗൗരവപത്മായ ഒരു കാര്യമാണ്. ഉന്നതകോടതികളിലെ ജഡ്ജിമാരുടെ നിയമനത്തിന് നിലവിലുള്ള കോളേജിയം സിസ്റ്റത്തിന് ബദലായി മോഡി സർക്കാർ

കൊണ്ടുവന്നിട്ടുള്ള നാഷണൽ ജുഡീഷ്യൽ അപ്പോയ്മെന്റ് കമ്മീഷൻ ആക്ട് തന്നെ നിയമവൃത്തങ്ങളിൽ വിവാദങ്ങൾ സൃഷ്ടിച്ചിട്ടുള്ള കാലഘട്ടത്തിലാണ്, ബന്ധപെട്ട നിയമത്തിന്റെ പിന്തുണയിലാതെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ അംഗത്തിന്റെ ഈ നിയമനം നടത്തിയതെന്നത് ഞെട്ടിക്കുന്ന കാര്യം കൂടിയാണ്.

കേന്ദ്രനിയമനകാര്യ ക്യാബിനറ്റ് കമ്മിറ്റിയുടെ (എ.സി..സി.) അംഗീകാരം നിഷ്കർഷിക്കുന്നത് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെയും കേന്ദ്രസർക്കാരിലെ സീനിയർ ഉദ്യോഗസ്ഥന്മാരുടെയും നിയമനത്തിന്റെ കാര്യത്തിലാണ്. ഇതു ഗവൺമെന്റ് ഓഫ് ഇൻഡ്യ (ട്രാൻസാക്ഷൻ ഓഫ് ബിസിനസ്സ്) റൂൾസ് 1961 പ്രകാരമാണ്. ഈ നിയമന കാര്യകാബിനറ്റ് കമ്മിറ്റിയുടെ അംഗീകാരമില്ലായെന്ന കാരണത്തിലാണ് ശ്രീ ജസ്റ്റിസ് എസ്. സിരിജഗനെ ജുഡീഷ്യൽ മെമ്പറാക്കാനുള്ള കേരളസർക്കാരിന്റെ ശുപാർശ നിരാകരിച്ചതും ശ്രീ കെ. ജോസ് സിറിയക്കിനെ അഡ്മിനിസ്ട്രേറ്റീവ് മെമ്പറാക്കാനുള്ള ശുപാർശ അംഗീകരിച്ചു ഉത്തരവായതും. ഇതു ഇവരുടെ നിയമനത്തിനായി ഉണ്ടാക്കിയ 'ദി അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ (പ്രൊസിജിയർ ഫോർ അപ്പോയ്മെന്റ് ഓഫ് വൈസ് ചെയർമാൻ ആന്റ് മെമ്പോഴ്സ്) റൂൾസിന്റെ നഗ്നമായ ലംഘനമാണ്.'

ഈ സാഹചര്യത്തിൽ ശ്രീ കെ. ജോസ് സിറിയക്കിനെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ അംഗമായി നിയമിച്ച നടപടിയും ശ്രീ ജസ്റ്റിസ് എൻ. സിരിജഗനെ ജുഡീഷ്യൽ മെമ്പറാക്കാനുള്ള കേരള സർക്കാരിന്റെ ശുപാർശ നിരാകരിച്ച നടപടിയും പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് ഇൻഡ്യൻ പ്രസിഡന്റിന് ഈ കഴിഞ്ഞ ദിവസം നിവേദനം അയക്കുകയുണ്ടായി. ഈ നിവേദനത്തിന്റെ കോപ്പി ഇതോടൊപ്പമുണ്ട്.

(Please visit www.manishada.com for more details)

അഡ്വക്കേറ്റ് എൻ. കൃഷ്ണപ്രസാദ്

To

The News Editor

...........................

Please include this news item in the next edition of your media

Yours faithfully,

08--05-2015

Adv. Krishnaprasad
(Former Convenor, Secretariate Aikyavedi)
TC. 29/97, Pettah, Trivandrum